**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **06.02.2020-ൽ മറുപടിക്ക്**

**ചോദ്യം നം. 1418**

**ഓഖി ദുരന്ത ഫണ്ട്**

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും എത്ര തുക സഹായമായി ലഭിച്ചുവെന്നും എന്നാണ് ലഭിച്ചതെന്നും വിശദമാക്കുമോ; | (എ) | ഓഖി സമയത്ത് കേന്ദ്ര ദുരന്ത പ്രതികരണനിധിയിൽ നിന്ന് 27/12/2017 ന് 133 കോടി രൂപയുടെ അടിയന്തിര സഹായം അനുവദിക്കുകയും, അനുവദിച്ച അടിയന്തിര സഹായത്തിൽ 21.30 കോടി രൂപ അധികമായി അനുവദിച്ചതായി 26/02/2018 ൽ ചേർന്ന നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സബ്കമ്മിറ്റി പരിശോധിച്ച് കണ്ടെത്തുകയും അധികമായി അനുവദിച്ച തുക ഇനി വരുന്ന ദുരന്തങ്ങൾ നേരിടുവാൻ ഉപയോഗിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. അതിനാൽ ഓഖി ദുരന്ത പ്രതികരണത്തിനായി ചെലവഴിക്കാൻ അനുവദിക്കപ്പെട്ട തുക 111.7 കോടി രൂപ മാത്രമാണ്. സംസ്ഥാന സർക്കാർ ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് 7340 കോടി രൂപയുടെ ഒരു സ്പെഷ്യൽ പാക്കേജ് തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ചുവെങ്കിലും അതിൽ യാതൊരു തുകയും അനുവദിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത സഹായധനത്തിൽനിന്നും എത്ര തുക വിതരണം ചെയ്തുവെന്നും എന്നാണ് വിതരണം ചെയ്തതെന്നും വിശദമാക്കുമോ; | (ബി) | ഓഖിയുമായി ബന്ധപ്പെട്ട് സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്ന് 111.32 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br>(a) 8/12/2017 ൽ മത്സ്യ തൊഴിലാളികൾക്കുള്ള ആശ്വാസ ധനസഹായമായി 33.95 കോടി രൂപ അനുവദിച്ചിരുന്നു.<br>(b) 01/01/2018 ൽ സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്ന് നാവിക് ഉപകരണ പരീക്ഷണത്തിന് 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br>(c) 5/1/2018 ൽ കർണാടകത്തിൽ എത്തിയ മലയാളികളായ മത്സ്യ തൊഴിലാളി ബോട്ടുകൾക്ക് ഡീസൽ നൽകുന്നതിനായി 9,09,232/-രൂപ അനുവദിച്ചു.<br>(d) 21-12-2017 ന് പുതുച്ചേരി മത്സ്യ തൊഴിലാളികൾക്ക് ബോട്ടുകൾക്ക് 4 ലക്ഷം രൂപ സഹായം നല്കിയിട്ടുണ്ട്.<br>(e) 07/12/2017 ൽ തമിഴ്നാട്ടിലെ മത്സ്യത്തൊഴിലാളികളുടെ ബോട്ടുകൾക്ക് 35.50 ലക്ഷം രൂപ അനുവദിച്ചു.<br>(f) 14/02/2018 ൽ ഗോവയിൽ എത്തിയ മത്സ്യതൊഴിലാളികൾക്കുള്ള ബോട്ടിന് |

| | | | |
|---|---|---|---|
| | | | സഹായമായി 1.75 ലക്ഷം രൂപ അനുവദിച്ചു.<br>(g) 22/12/2017 ൽ കേന്ദ്ര സംഘത്തിന്റെ ചെലവിനായി 11 ലക്ഷം രൂപയും മത്സ്യത്തൊഴിലാളി ബോട്ടുകൾ ഉപയോഗിച്ചിട്ടുള്ള തെരച്ചലിന് 18/12/2017 ന് 2.18 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.<br>(h) 7-03-2018 ൽ ഗുജറാത്തിൽ എത്തിയ മലയാളി മത്സ്യതൊഴിലാളികളുടെ ബോട്ടുകൾക്ക് ഡീസൽ നിറയ്ക്കുന്നതിനുള്ള ചെലവിനത്തിൽ 1,79,200/- രൂപയും അനുവദിച്ചു.<br>(i) 4-10-2018 ൽ രാജീവ് ഗാന്ധി സെന്ററിന് ഡി.എൻ.എ ടെസ്റ്റ് നടത്തിയതിന് 46,19,000 രൂപ അനുവദിച്ചിരുന്നു.<br>(j) ഓഖി ചുഴലിക്കാറ്റിനെ തുടർന്ന് കെഎസ്ഇബിയ്ക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിനായി 17/01/2019 ൽ 46.11 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br>ഇവയ്ക്ക് പുറമെ സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡപ്രകാരം ദുരന്ത ബാധിതർക്ക് അനുവദിക്കേണ്ട തുകകൾ (മരിച്ചവരുടെയും കാണാതായവരുടെയും ആശ്രിതർക്കുള്ള സഹായം, വീടുകൾ പൂർണ്ണമായും ഭാഗികമായും തകർന്നവർക്കുള്ള സഹായം, കൃഷി നാശത്തിനുള്ള സഹായം) ജില്ലാകളക്ടർമാർ വിതരണം ചെയ്തിട്ടുണ്ട് . |
| (സി) | ഓഖി കൊടുങ്കാറ്റിൽ കടലിൽ കാണാതായവരുടെ കുടുംബങ്ങ ൾക്ക് നഷ്ട പരിഹാരം നൽകി യിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഓഖി കൊടുങ്കാറ്റിൽ കടലിൽ കാണാതായ 92 പേരുടെ ആശ്രിതർക്ക് റവന്യൂ വകുപ്പ് വഴി 20 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. |
| (ഡി) | ഓഖി ദുരന്ത ഫണ്ട് ചെലവഴി ക്കുന്നതുമായി ബന്ധപ്പെട്ട് സി.&എ.ജി.യിൽ നിന്നും എന്തെങ്കിലും കത്തുകളോ നിർദ്ദേശങ്ങളോ ലഭി ച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; മറ്റേതെങ്കിലും സർ ക്കാരുകളോ സർക്കാർ ഏജൻ സികളോ കേരളത്തിന് പ്രസ്തുത ദുരന്തവുമായി ബന്ധപ്പെട്ട് കത്തു കൾ അയച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | (ഡി) | ലഭിച്ചിട്ടില്ല. |
| (ഇ) | സംസ്ഥാന സർക്കാർ കേന്ദ്രത്തിനും സി.&എ.ജി.ക്കും നൽകിയ മറുപടികളുടെ പകർപ്പ് ലഭ്യമാക്കുമോ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ